കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ/എം.പി.എം.-16/2067 /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി.22-10-2018.

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം .

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.11/18

നം.കെ.എസ്.എ.എം.പി.എം.16/2067/2018 തിയ്യതി:22-10-2018

## മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.09.2017 മുതൽ 04.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 13.09.2017 മുതൽ 04.07.2018 വരെ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 05.07.2018 മുതൽ 18.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.വിനോദ് കുമാർ.സി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അബ്ദുൾ റഷീദ് എം.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റിഷിൽ. പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി സത്യൻ | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ.രാജൻ. കെ. കെ | 01.04.2017മുതൽ 31.03.2018വരെ |

### (സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ.മണികണ്ഠൻ.ടി | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. രാജീവ്.പി.ഡി | 01.04.2017 മുതൽ 25.07.2017FN വരെ |

| | | |
|---|---|---|
| | ശ്രീ.മനോജ്. കെ.കെ | 25.07.2017AN മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജസി | 01.04.2017മുതൽ 19.05.2017വരെ |
| | ശ്രീമതി.നളിനി | 20.05.2017 മുതൽ 07.06.2017വരെ |
| | ശ്രീമതി.ലാമിന | 08.06.2017മുതൽ 11.07.2017വരെ |
| | ശ്രീമതി.ബിന്ദു.കെ.കെ | 12.07.2017മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.പുഷ്പജ.സി | 01.04.2017മുതൽ 13.09.2017വരെ |
| | ശ്രീമതി.സൗദാബി. കെ | 14.09.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.ശരത് ബാബു. ആർ | 01.04.2017മുതൽ 08.11.2017വരെ |
| | ശ്രീ.ബിജു.കെ | 09.11.2017 മുതൽ 12.11.2017വരെ |
| | ശ്രീമതി.ലിജിത | 13.11.2017മുതൽ 31.03.2018 വരെ |
| പ്രധാനാധ്യാപകൻ. | ശ്രീ.മുഹമ്മദ് ഇബ്രാഹിം | 01.04.2017മുതൽ 31.03.2018വരെ |
| വെറ്റനറി സർജ്ജൻ | ഡോ: സ്മിജിഷ.എ.എസ് | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ:സജിൻ ലാൽ.വി | 01.04.2017മുതൽ 04.04.2017വരെ |
| | ഡോ:ബിന്ദു. | 05.04.2017മുതൽ 12.07.2017വരെ |
| | ഡോ: സുരേഷ്.ഇ.ടി | 13.07.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ: ടി.ഹരി | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.എൻ.ബി.പ്രസന്ന കുമാരി | 01.04.2017മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഷാജിത്ത്.കെ | 01.04.2017മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 |
| 14 | ബഹുനില കെട്ടിടത്തിന്റെ വസ്തുനികുതി ഇളവു ചെയ്തതിലെ അപാകത | 2-2 |
| 15 | ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. | 2-3 |
| | ഭാഗം 3 | |
| 16 | 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രവൃത്തികൾ - മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ നടന്നിട്ടില്ല | 3-1 |
| 17 | മെഡിക്കൽ ഓഫീസർ (അലോപതി) പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-2 |

| | | |
|---|---|---|
| 18 | മെഡിക്കൽ ഓഫീസർ (ആയുർവേദം) പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-3 |
| 19 | മെഡിക്കൽ ഓഫീസർ (ഹോമിയോ) പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-4 |
| 20 | കംപ്യൂട്ടർ വാങ്ങലുകൾ- പൊതുവായ വാങ്ങൽ സമീപനമില്ല. | 3-5 |
| 21 | പരിസ്ഥിതി പുനരുജ്ജീവന പ്രവത്തികൾ- ഔഷധത്തൈകൾ വച്ച് പിടിപ്പിക്കൽ-പണം ചെലവഴിച്ചു, പ്രൊജക്ട് നടപ്പായില്ല | 3-6 |
| 22 | അംഗീകൃത കോൾകർഷക സംഘങ്ങൾക്ക് പെട്ടി,പറ അനുബന്ധ ഘടകങ്ങൾ നൽകൽ- നടപടികൾ പൂർത്തിയായില്ല. | 3-7 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി അപാകതകൾ | 3-8 |
| 24 | നാടൻ കലാ വാദ്യോപകർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ - പദ്ധതി അപാകതക | 3-9 |
| 25 | പട്ടികജാതി വിവാഹ ധനസഹായം - പദ്ധതി അപാകത | 3-10 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 8,00,000 രൂപ തടസ്സം ചെയ്യുന്നു | 3-11 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 75000 രൂപ തടസ്സം ചെയ്യുന്നു | 3-12 |
| 28 | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ - പദ്ധതി അപാകതകൾ | 3-13 |
| | ഭാഗം 4 | |
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22.03.2017-ലെ 1ാം നമ്പർ തീരുമാന പ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.03.2018-ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 23.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018, 21.06.2018 | നം.കെ.എസ്.എ-എം.പി.എം-16/1283/2018 തീയതി 03.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| ഇനം | വർഷം 2017-18 |
|---|---|
| മുന്നിരിപ്പ് | 1,53,42,293 |
| വരവ് | 6,38,92,896 |
| ആകെ | 7,92,35,189 |
| ചെലവ് | 7,28,38,484 |

| നീക്കിയിരിപ്പ് | 63,96,705 |
|---|---|

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്<br>ജനറൽ | 0 | 1,21,89,000 | 1,21,89,000 | 1,15,62,743 | 6,26,257## |
| വികസന ഫണ്ട്<br>എസ്.സി.പി | 0 | 60,91,278 | 60,91,278 | 60,91,278 | 0 |
| വികസന ഫണ്ട്<br>ടി.എസ്.പി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| മെയിന്റനൻസ് -റോഡ് | 0 | 86,15,000 | 86,15,000 | 86,15,000 | 0 |
| മെയിന്റനൻസ്-നോൺ റോഡ് | 0 | 27,52,000 | 27,52,000 | 27,52,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 57,23,786 | 57,23,786 | 55,38,526 | 1,85,260## |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 11,68,420 | 11,68,420 | 11,65,341 | 3,079## |
| എസ് ബി ഐ തനത് ഫണ്ട് | 38,94,349 | 1,03,66,039 | 1,42,60,388 | 84,86,389 | 57,73,999 |
| ട്രഷറി ഓൺ ഫണ്ട്<br>vpfa I,II | 13,744 | 0 | 13,744 | 0 | 13,744 |
| ട്രഷറി ടി.എസ്.ബി.(ജനറൽ പർപ്പസ്) | 1,00,75,500 | 1,54,17,567 | 2,54,93,067 | 2,64,94,374 | -10,01,307 |
| എസ്.ബി.റ്റി. ലിറ്ററസി | 385 | 87,152 | 87,537 | 0 | 87,537 |
| ജോയിന്റ് വെഞ്ച്വർ/സ്റ്റോക്ക് | 0 | 1421270 | 1421270 | 1416497 | 4773 |
| | 0 | 1125000 | 1125000 | 11125000 | 0 |
| എ.എൻ.ആർ.ഇ.ജി.എസ്. | 3,104 | 11316287 | 11319391 | 11314613 | 4778 |
| എസ്.ബി.റ്റി. എസ് എസ് എ | 11,57,450 | 43,113 | 12,00,563 | 0 | 12,00,563 |
| ടി പി 35 | 14,801 | 0 | 14,801 | 0 | 14,801 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 44859685 | 44859685 | 44859685 | 0 |
| എസ് ബി ഐ ഇ പെയ്മന്റ് തനത് ഫണ്ട് | 37,123 | 63,054 | 1,00,177 | 0 | 1,00,177 |
| ടോട്ടൽ സാനിറ്റേഷൻ | 1,45,837 | 5,906 | 1,51,743 | 0 | 1,51,743 |
| ക്യാഷ് (തനത് ഫണ്ട്) | 0 | 50,670 | 50,670 | 0 | 50,670 |

## നീക്കിയിരിപ്പ് തുകകൾ (814596/-രൂപ) 31.03.2018ന് സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ വികസന ഫണ്ട് ജനറൽ, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, കെ.എൽ.എസ്.ജി.ഡി.പി. എന്നീ അക്കൌണ്ടികളിൽ നീക്കിയിരിപ്പില്ല.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം. |
|---|---|---|---|---|---|---|
| 175 | 6,49,74,410 | 135 | 4,65,13,101 | 14 | 26 | 77.14% |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,104 | 8,09,645 | 8,12,749 | 8,07,971 | 4,778 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,05,06,642 | 1,05,06,642 | 1,05,06,642 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 313 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 267 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം ഈ മേഖലയിൽ പ്രധാനമായും ഭൂവികസനപദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. എസ്.സി വിഭാഗത്തിൽപെട്ടവരുടെ വീടുകളിൽ കിണർ നിർമ്മാണം, മഴക്കുഴി നിർമ്മാണം, റോഡ് പ്രവൃത്തികൾ, തൊഴുത്ത് നിർമ്മാണം, ജലസംരക്ഷണ പദ്ധതികൾ തുടങ്ങിയവയാണ് ഈ വർഷം നടപ്പാക്കിയ പദ്ധതികൾ. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 39277 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറു തൊഴിൽ ദിനം ലഭിച്ച 139 കുടുംബങ്ങളുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 18,600 | 32 |
| കർഷകതൊഴിലാളി വേതനം | 40,06,300 | 1374 |
| വിധവാ പെൻഷൻ | 1,41,09,700 | 4679 |
| വാർദ്ധക്യകാല പെൻഷൻ | 2,11,63,900 | 6523 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 37,88,800 | 1218 |
| അവിവാഹിതരായ 50 വയസിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 5,72,300 | 198 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 5,70,000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2018 ന് (10.30 am) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,631/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക് പ്രകാരം ബോധ്യപ്പെട്ടു. എന്നാൽ 04-07-2018ലെ ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 11631/-രൂപയാണ്. ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറ് മൂലമാണ് 1003/-രൂപയുടെ വ്യത്യാസം നിനിൽക്കുന്നത് എന്ന് വിശദീകരിക്കപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഡ്രൈവർ | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 |

2017-2018 സാമ്പത്തിക വർഷം ജീവനക്കാരുടെ തസ്തികളൊന്നും തന്നെ ഒഴിഞ്ഞുകിടന്നിട്ടില്ല.

23.12.2013 ലെ ഉത്തരവ് നം 13/2013പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. 2013 മുതൽ പ്രാബല്യത്തിലുള്ള ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. നാലര വർഷം മുൻപ് തയ്യാറാക്കിയ ഓഫീസ് ഉത്തരവിൽ സമഗ്രമായ അഴിച്ചു പണികൾ നടത്തി പുതിയ ജോലി വിഭജനം നടത്തേണ്ടതാണ്.

2.ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് സ.ഉ (അ) നം 7/2016 ധന തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.മണികണ്ഠൻ.ടി | അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 2 | ശ്രീമതി.സിന്ധു.ടി.കെ | സീനിയർ ക്ലർക്ക് |
| 3 | ശ്രീ.കൃഷ്ണൻ.കെ | ഹെഡ് ക്ലർക്ക് |

3. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (സ്റ്റാഫ് മീറ്റിംഗ്) 2017-2018 സാമ്പത്തിക വർഷം 5 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

4.ബജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സ് റൂളുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിക്കായി ഒരു അക്കൗണ്ട് ഉണ്ടെങ്കിലും ആയതിൽ തുകയൊന്നും തന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

5. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. നികുതി ഇളവുകൾ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് നല്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റവെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. സ്ഥാപനം നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

6.സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രമപഞ്ചായത്തിലെ പി എച്ച് സി, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

7. ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സ്ഥല സൗകര്യം കുറവാണ്. പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയായാൽ മാത്രമേ ഇതിന് പരിഹാരം ഉണ്ടാവുക. അതുപോലെ കൈമാറിക്കിട്ടിയ സ്ഥാപങ്ങളായ പി. എച്ച്. സി, ഹോമിയോ ഡിസ്പെൻസറി , കൃഷി ഭവൻ, വെറ്ററിനറി ഡിസ്പെൻസറി, ജി.എം. എൽ. പി. സ്കൂൾ വടക്കുമറി , എസ്. സി. നഴ്സറി സ്കൂൾ, പിടാവനൂർ എന്നിവ വാടക കെട്ടിടത്തിലാണ് പ്രവ്യത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

8. 2017-18ൽ പഞ്ചായത്ത് ഭരണസമിതി 24 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല. (ഉദാഹരണത്തിന് 5/17ലെ കണക്ക് അംഗീകരിച്ചത് 29.06.2017 നും 6/17 ലെ കണക്ക് അംഗീകരിച്ചത് 03.8.2017 നും 8/17 ലെ കണക്ക് അംഗീകരിച്ചത് 14.09.17 നും 10/17 ലെ കണക്ക് അംഗീകരിച്ചത് 25.11.17 നും ആണ്. ) ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സിൽ യോഗ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. (ഉദാ. 09.01.2018, 25.01.2018, 12.03.2018, 26.02.2018 തുടങ്ങിയ തീയ്യതികളിൽ ചേർന്ന യോഗ തീരുമാനം പദ്ധതി അവലോകനം നടത്തി എന്നു മാത്രമാണ് മിനട്സിൽ ഉള്ളത്).സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ

പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.
9. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പരസ്യ നികുതി ഉൾപ്പെടെയുള്ള പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.
10. കെട്ടിട നിർമ്മാണ ക്രമവൽകൃത ഇനത്തിൽ ലഭിക്കുന്ന അപേക്ഷകൾ ക്രോഡീകരിച്ച് എഴുതുന്നതിനുള്ള ക്രമവൽകൃത രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2018 | 2018 മെയ് മുതൽ ജൂൺ വരെയുള്ള കായളവ്. | 20.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.08.2017 | 2012-13 മുതൽ 2016-17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ.

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു .

1). 2016-17 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖ: 1-3) പരിഹരിച്ചിട്ടില്ല.

2) കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ, ചട്ടം 62(2) (e), (f) പ്രകാരം വാർഷിക കണക്കിനൊപ്പം സൂക്ഷിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3) സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

4) പണമിടപാടുകൾ നടക്കാത്ത ടി പി 35, വി.പി.എഫ്.എ I,II – തനത് ഫണ്ട് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

5).അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിന് തൊട്ടു മുൻപുള്ള മാർച്ച് മാസത്തെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6). ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.എൻ.ആർ.ജി.എസ്. ചെലവ് 1,13,14,613 രൂപയാണ്. എന്നാൽ സാക്ഷ്യപ്പെടുത്തിയ എം.എൻ.ആർ.ജി.എസ്. രേഖകൾ പ്രകാരം ചെലവ് 1,28,31,391 രൂപയാണ്. വ്യത്യാസത്തിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.

7) വസ്തു നികുതി- 2016-17 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് തുകകൾ 2017-18 കണക്കുകളിലെ പ്രാരംഭ കുടിശ്ശിക തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിന് വ്യക്തമായ കാരണം വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല.
8) ബി4-ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച ഫണ്ടിൽ തൻവർഷ നീക്കിയിരിപ്പ് 112503(262503-150000) തുക യഥാർത്ഥ നീക്കിയിരിപ്പുമായി (ഖണ്ഡിക 4-1) പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വസ്തു നികതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 1931 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1793 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 37 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 0 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 12 |
| വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 0 |
| വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 9 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 49 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 31 |
| ആകെ | 1931 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 1931 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 404 എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന 31 കെട്ടിടങ്ങൾ , 2017-18 ൽ വേകൻസി റമിഷൻ അനുദിച്ച 90 കെട്ടിടങ്ങൾ എന്നിവ ഒഴിവാക്കിയാൽ തന്നെ 1810 (1931-121) കെട്ടിടങ്ങൾ നിലവിൽ പഞ്ചായത്ത് പ്രദേശത്ത് വാണിജ്യ/ വ്യവസായാവശ്യങ്ങൾക്കായി മാത്രം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 80 % ൽ അധികം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് കണക്കുകളിൽ നിന്ന് വ്യക്തമാണ്.

പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം (വാർഡ് അടിസ്ഥാനത്തിൽ) താഴെ പറയും പ്രകാരമാണ്.

| വാർഡ് നമ്പർ | ട്രേഡേഴ്സ് /സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 1 | 8 |
| 2 | 14 |
| 3 | 14 |
| 4 | 25 |
| 5 | 84 |
| 6 | 86 |

| | |
|---|---|
| 7 | 16 |
| 8 | 18 |
| 9 | 12 |
| 10 | 8 |
| 11 | 9 |
| 12 | 12 |
| 13 | 19 |
| 14 | 12 |
| 15 | 7 |
| 16 | 9 |
| 17 | 1 |
| ആകെ | 354 |

വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയും ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വരവുകൾ യഥാസമയം ലഭ്യമാക്കുന്നതിനും അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൂടി ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 11/17.07.2018)

## 2-2 ബഹുനില കെട്ടിടത്തിന്റെ വസ്തുനികുതി ഇളവു ചെയ്തതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9 ഉപചട്ടം 5 പ്രകാരം വാണിജ്യ ആവശ്യത്തിനോ ഓഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ബഹുനില കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഒന്നാം നിലയ്ക്ക് 5 ശതമാനം, രണ്ടാം നിലക്ക് 10 ശതമാനം എന്ന നിരക്കിൽ കണക്കാക്കിയ വാർഷിക വസ്തുനികുതിയിൽ ഇളവ് അനുവദിക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 ൽ താഴെപ്പറയുന്ന നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഒന്നാം നിലയിൽ സ്ഥിതി ചെയ്യുന്ന ഓഫീസ്/വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 5 ശതമാനത്തിലുമധികം ഇളവ് വാർഷിക വസ്തുനികുതിയിൽ നൽകിയിട്ടുണ്ട്.

1. ഫയൽ നമ്പർ - എ4 /2319 ക്രമവത്കരണത്തിനുള്ള അപേക്ഷ

കെട്ടിട നമ്പർ അനുവദിച്ചത് - 11/ 347 D -ഒന്നാം നില 56.91 ച.മീറ്റർ

ഉടമയുടെ പേര് : കൃഷ്ണൻ & പ്രസന്ന വെള്ളക്കട,കല്ലൂർമ്മ,നന്നംമുക്ക് സൗത്ത്

അടിസ്ഥാന വസ്തു നികുതി = 1707.3 (30X56.91)

<u>വർദ്ധനവ്</u>

വഴിസൗകര്യത്തിന്റെ അടസ്ഥാനത്തിൽ (20%) =341.46 (1707.3*20/100)

ആകെ വർദ്ധനവ് (1707.3+341.46) = 2048.76 =2049

<u>ഇളവ്</u>

ബഹുനില കെട്ടിടങ്ങളുടെ വസ്തുനികുതി ഒന്നാം നില 5% = 102.44 (2048.76X5/100)

ഈടാക്കേണ്ട വസ്തുനികുതി 1947 (2049-102)

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ബഹുനില കെട്ടിടങ്ങളുടെ ഒന്നാം നിലക്കുള്ള 5% ഇളവിന് പകരം രണ്ടാം നില എന്ന രീതിയിൽ നൽകി 10% അനർഹമായി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം

ഇളവ് അനുദിച്ചത് 204.39 (2048.76X10/100)

ഈടാക്കിയ വസ്തുനികുതി 1845 (2049-204)

തെറ്റായി സഞ്ചയ സോഫ്റ്റ്‌വെയറിൽ നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 1947-1845 = 102 രൂപ + ലൈബ്രറി സെസ് 5 രൂപ

പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ഉണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതും, വസ്തു നികുതി പുനർ നിർണയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 6/17.07.2018)

## 2-3 ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില |
|---|---|---|
| പ്രൈമറി സ്കൂളുകളുടെ നവീകരണം | അനിൽകുമാർ.PK | 2100 |
| | നന്ദകുമാർ.UV | 2100 |
| | ഷാജേഷ്.TV | 2100 |
| | ദിലീഷ്.TP | 2100 |
| പുറങ്ങാട്ട് ടിപ്പുനഗർ റോഡ് കോൺക്രീറ്റ് | ദിലീഷ്.TP | 1200 |
| | അനീഷ്.KV | 1200 |
| | ഷാലു.TV | 1200 |
| | റഫീഖ്.KM | 1200 |
| | ഗോപിനാഥൻ.PP | 1200 |
| | നന്ദകുമാർ.U | 1200 |
| പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | വിഷ്ണു.MV | 8000 |
| | വേലായുധൻ.M | 8000 |
| | ഷാലു.TV | 8000 |
| കാടാംകുണ്ടിൽ കാവിലപ്പാടം റോഡ് കോൺക്രീറ്റ് | റിജിൻ | 1140 |
| | ഷാലു.TV | 1140 |
| | റഫീഖ്.KM | 1140 |
| | ഗോപിനാഥൻ.PP | 1140 |
| | നന്ദകുമാർ.U | 1140 |
| | അനീഷ്.KV | 1140 |
| GLPS വടക്കുംമുറി ക്ലാസ്സ് റൂം നിർമ്മാണം | പ്രതീഷ്.KK | 2625 |
| | അനിൽകുമാർ.PK | 2625 |
| | ഷാജേഷ്.TV | 2625 |
| അംഗനവാടി അറ്റകുറ്റ പണികൾ | റിജിൻ | 1365 |

| | | |
|---|---|---|
| | അനീഷ്.KV | 1365 |
| | ദിലീഷ്.TP | 1365 |
| | | 58410 |

ടെണ്ടർ ഫോറത്തിന്റെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 12/17.07.2018)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രവൃത്തികൾ - മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ നടന്നിട്ടില്ല.

തൻ വർഷം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ 47 എണ്ണം ടെണ്ടർ ചെയ്താണ് നടത്തിയത്. ഇതിൽ 7 പ്രവൃത്തികൾ ഇ ടെണ്ടർ മുഖേനയാണ് നടപ്പിലാക്കിയത് . ഇ ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ 3 മുതൽ 6 വരെ കരാറുകാർ പങ്കെടുത്തിട്ടുണ്ട്. (ഉദാഹരണം പുറത്താട്ട് ടിപ്പു നഗർ റോഡ് കോൺക്രീറ്റ് - പ്രൊജക്റ്റ് നം. 24/18 എന്ന പ്രവൃത്തിയിൽ 6 കരാറുകാർ പങ്കെടുത്തു.) എന്നാൽ 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി ആദ്യം നടത്തിയ ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ പിന്നീട് റീ ടെണ്ടർ ചെയ്യുകയാണുണ്ടായത്. ഈ പ്രവൃത്തികൾക്കെല്ലാം ഓരോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്. എല്ലാ പ്രവൃത്തിയിലും കരാറുകാർ ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് നിരക്കാണ്.

ഇ- ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ മത്സരാധിഷ്ഠിത ടെണ്ടർ നടന്നപ്പോൾ നേരിട്ട് ടെണ്ടർ (പോസ്റ്റ് ടെണ്ടർ) നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ മത്സരാടിസ്ഥാനത്തിൽ നടന്നിട്ടില്ല. മതിയായ പരസ്യ പ്രചാരണം നല്കി മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടവും ആവശ്യമാണ്.

## 3-2 മെഡിക്കൽ ഓഫീസർ (അലോപതി) പദ്ധതി നിർവഹണത്തിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷം അലോപതി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 മരുന്നുകൾ ലഭ്യമായില്ല (പരിരക്ഷ 2017-18)

2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ, പേര് | മരുന്ന് വാങ്ങൽ ചെലവ് തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| പരിരക്ഷ 2017-18 (94/18)<br>(ആകെ പ്രൊജക്റ്റ് അടങ്കൽ ₹ 650,000 ആകെ പ്രൊജക്റ്റ് ചെലവ് ₹630400) | 3,02,000 | 5/2017-18 / തി 11-01-2018<br>₹ 3,02,000<br>(വികസന ഫണ്ട് -പൊതുവിഭാഗം) |
| ആകെ | 3,02,000 | |

മരുന്നുകൾ ലഭ്യമാക്കുന്നത് വേണ്ടി തുക മുൻകൂർ കൈമാറിയെങ്കിലും കരാറുടമ്പടി വെച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/11-7-2018)ന് മറുപടിയായി എത്രയും പെട്ടെന്ന് മരുന്നുകൾ ലഭ്യമാവുന്നതിന് നടപടിസ്വീകരിച്ചുവെന്നും ഭാവിയിൽ കരാറുടമ്പടി വെക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

2 പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) യിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പരിരക്ഷ 2017-18 (പ്രോജക്റ്റ് നമ്പർ S094/18') പാലിച്ചിട്ടില്ല.

1) മാർഗ്ഗരേഖ 2.3 ൽ സൂചിപ്പിച്ച പ്രകാരം ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി) ഓരോ വർഷാരംഭത്തിന് മുമ്പ് ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതാണ്.

എന്നാൽ പി എം സി മിനുട്സ്(2017-18) പരിശോധിച്ചതിൽ താഴെ പറയുന്ന തിയതികളിൽ അവലോകന യോഗം ചേർന്നിട്ടുണ്ടെങ്കിലും വർഷാരംഭത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി എം സി) രൂപീകരിച്ചതിന്റെ വിവരം മിനുട്സിൽ ഇല്ല

| അവലോകന യോഗം ചേർന്ന തിയതി | റിമാർക്സ് |
|---|---|
| 19.04.2017 | |
| 09.08.2017 | |
| 13.09.2017 | |
| 26.10.2017 | |
| 08.11.2017 | |
| 13.12.2017 | |
| 05.01.2018 | പാലിയേറ്റീവ് ദിനാചരണം<br>(പാലിയേറ്റീവ് പ്രവർത്തക സംഗമം) |
| 16.02.2018 | |
| 09.05.2018 | |
| 13.06.2018 | |
| 09.07.2018 | യോഗത്തിൽ ഹാജരായവർ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തി മിനുട്സ് ക്ലോസ് ചെയ്തിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ മാർഗ്ഗരേഖ 2.3 പ്രകാരം കമ്മിറ്റി രൂപീകരിക്കുകയും യോഗം ചേരുകയും ചെയ്തിട്ടുണ്ടെന്നും ആയത് രേഖപ്പെടുത്തലുകളിൽ വീഴ്ച വന്നത് കൊണ്ടാണ് മിനുട്സിൽ വിവരങ്ങൾ ലഭ്യമല്ലാത്തത് എന്നും അറിയിച്ചു. മിനുട്സിൽ അതാതു സമയം തന്നെ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെന്ന് ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

2. മാർഗ്ഗരേഖ 2.4 ൽ സൂചിപ്പിച്ച പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും (പി.ഐ.സി) രൂപീകരിക്കേണ്ടതുണ്ട്. എല്ലാ മാസവും 5ാം തിയതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്. എന്നാൽ പി.ഐ.സി മിനുട്സിൽ ആദ്യ പേജിൽ തിയതി രേഖപ്പെടുത്താതെ യോഗം ചേർന്ന വിവരങ്ങളും രണ്ടാമത്തെ പേജിൽ 09/07/2018ന് യോഗം ചേർന്ന് അംഗങ്ങൾ ഒപ്പ് വെച്ച വിവരങ്ങളുമാണ് ഉള്ളത്.

3) മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം " *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം നന്നംമുക്ക് ഗ്രാമ പഞ്ചായത്തിൽ വെബ്സൈറ്റിൽ (http://lsgkerala.in/nannammukkupanchayat/) പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

4) മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0094/18' പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം. ലഭ്യമാക്കുന്നതാണ്.* എന്നാൽ നാളിതു വരെ ആയത് ചെയ്യുന്നില്ല. ആയതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

5. ഭക്ഷണം, നഴ്സിനുള്ള ഓണറേറിയം, വാഹന വാടക മുതലായ ചെലവുകളുടെ പെയ്മെന്റ് കൃത്യമായി നൽകേണ്ടത് ഹോം കെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തെയും ഇത്തരം പെയ്മെന്റുകൾ അടുത്ത മാസം 10-)ം തിയതിക്കു മുമ്പായി നിർബന്ധമായും നൽകേണ്ടതാണ്. പരിരക്ഷാ പദ്ധതിക്ക് വേണ്ടി വിശദമായി പ്രൊജക്റ്റ് തയ്യാറാക്കി ഓരോ വർഷവും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. സംയുക്ത പ്രോജക്റ്റ് പാടില്ല. രജിസ്റ്റർ ചെയ്തു രോഗികൾക്ക് തുടർച്ചയായ പരിചരണം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിനാൽ ഓരോ വർഷവും ഏപ്രിൽ മുതൽ തുടർന്ന് നടപ്പാക്കാവുന്നതും പ്രോജക്റ്റിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽകാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ് വഹിച്ച് നടത്തേണ്ടതാണ്. ഇങ്ങനെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് പ്രോജക്റ്റിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. എന്നാൽ പരിരക്ഷാ നഴ്സിന് ശമ്പളം 10-)ം തിയതിക്കു മുമ്പായി നൽകുന്നതിൽ വീഴ്ച ഉണ്ടാവുന്നു. അപാകതകൾ പരിഹരിക്കുമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

6. മാർഗ്ഗരേഖ 2.10.6 ൽ സൂചിപ്പിച്ച പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ തുക ബാക്കിയുണ്ടെങ്കിലും ആ വർഷത്തെ പ്രോജക്റ്റ് അവസാനിപ്പിക്കണം. സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് നടപ്പിലാക്കാൻ പാടില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി (S0090/18) പരിരക്ഷ 2016-17 നടപ്പിലാക്കിയിട്ടുണ്ട്. സാങ്കേതിക പിഴവുകൾ കാരണമാണ് സ്പിൽ ഓവർ ആയതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

7. മാർഗ്ഗരേഖ 2.6.3-(6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ആയത് ചെയ്യുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട് എന്ന് ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറം മെഡിക്കൽ ഓഫീസർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. ആയതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

8. മാർഗ്ഗരേഖ 2.6.2 പ്രകാരം ദൈനം ദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണ രീതി അവരുടെ വീടുകളിൽ ചെന്ന് പഠിപ്പിച്ച് കൊടുക്കുവാനും ആവശ്യമായ തുടർ പരിചരണം ചെയ്തു കൊടുക്കാനുമായി ഹോം കെയർ സംവിധാനം രാവിലെ 9.30 മുതൽ ആരംഭിച്ച് വൈകുന്നേരം 4.30 വരെ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ , കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കേണ്ടതും ആഴ്ചയിൽ 4 ൽ കുറയാതെയുള്ള ഹോം കെയർ ദിനങ്ങൾ (മാസത്തിൽ 16) വരുന്ന രീതിയിലാണ് ഹോം കെയർ ആസൂത്രണം ചെയ്യേണ്ടതുമാണ്.

എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ മാസത്തിൽ 16 ദിവസം ഹോം കെയർ നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടു.

| ക്ര.ന | മാസം | ഹോം കെയർ ദിനങ്ങൾ | കുറവ് |
|---|---|---|---|
| 1 | ഏപ്രിൽ | 9 | 7 |
| 2 | മെയ് | 12 | 4 |
| 3 | ജൂൺ | 12 | 4 |
| 4 | ജൂലൈ | 13 | 3 |
| 5 | ആഗസ്റ്റ് | 13 | 3 |
| 6 | സെപ്റ്റംബർ | 10 | 6 |
| 7 | ഒക്ടോബർ | 11 | 5 |
| 8 | നവംബർ | 15 | 1 |
| 9 | ഡിസംബർ | 8 | 8 |
| 10 | ജനുവരി | 10 | 6 |
| 11 | ഫെബ്രുവരി | 11 | 5 |
| 12 | മാർച്ച് | 11 | 5 |
| | ആകെ | 135 | 57 |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

3.സബ്സിഡിയറി രജിസ്റ്റർ പ്രോജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

സ.ഉ (അ) 177/2006 ധന.തിയ്യതി 12.04.2006 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ടി ആർ 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റേയും വരവുചെലവു രേഖപ്പെടുത്തണം കൂടാതെ ത സ്വ.ഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്റ്റ് രജിസ്റ്റർ എന്നിവയും സൂക്ഷിക്കണം എന്നാൽ ക്യാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയെങ്കിലും സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്റ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

## 3-3 മെഡിക്കൽ ഓഫീസർ (ആയുർവേദം) പദ്ധതി നിർവഹണത്തിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷം ആയുർവേദം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റുകളിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 മരുന്നുകൾ പൂർണമായും ലഭ്യമായില്ല (ആയുർസ്പർശം വയോജനങ്ങൾക്ക് )

2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ ആയുർസ്പർശം വയോജനങ്ങൾക്ക് എന്ന പദ്ധതിയിൽ (SO103/18 ) മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് ഔഷധി, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, പേര് | ചെലവ് തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ബിൽ നമ്പർ/തിയ്യതി |
|---|---|---|

| | | |
|---|---|---|
| (SO103/18 )<br>ആയുർസ്പർശം വയോജനങ്ങൾക്ക് | 1,00,000 | 41/2017-18 / തി 11-01-2018<br>₹ 1,00,000<br>(വികസന ഫണ്ട് -പൊതുവിഭാഗം) |
| ആകെ | 1,00,000 | |

എന്നാൽ നാളിതു വരെ 4 ഗഡുകളായി 87572 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ / തിയതി | തുക |
|---|---|
| 90059823 തിയതി : 24.03.2018 | 35787 |
| 90062135 തിയതി : 31.03.2018 | 14965 |
| 90065180 തിയതി : 29.05.2018 | 12170 |
| 90070678 തിയതി : 29.06.2018 | 24650 |
| ആകെ | 87572 |

അവശേഷിക്കുന്ന 12428 രൂപക്കുള്ള (100,000-87572) മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ ചെലവു തുക 12428/-രൂപ തടസ്സം ചെയ്യുന്നു.

2.സബ്സിഡിയറി രജിസ്റ്റർ പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

സ.ഉ (അ) 177/2006 ധന.തിയ്യതി 12.04.2006 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ടി ആർ 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റേയും വരവുചെലവു രേഖപ്പെടുത്തണം കൂടാതെ ത സ്വ.ഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവയും സൂക്ഷിക്കണം എന്നാൽ ക്യാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയെങ്കിലും സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

## 3-4 മെഡിക്കൽ ഓഫീസർ (ഹോമിയോ) പദ്ധതി നിർവഹണത്തിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് എന്ന പദ്ധതി (പ്രൊജക്ട് നം 192/18 ) പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം ഒരു ലക്ഷം രൂപ ട്രഷറി ചെക്ക് നം 2032848/07.11.2017 മുഖേന മാനേജർ, കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ-ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല.

നാളിതു വരെ 2 ഗഡുകളായി 74,822 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ / തിയതി | തുക |
|---|---|
| എൽ, എഫ്. 1893 തിയതി : 16.03.2018 | 50,545/- |
| എൽ, എഫ്. 440 തിയതി : 09.06.2018 | 24,277/- |

| | |
|---|---|
| ആകെ | 74822 |

അവശേഷിക്കുന്ന 25,178/- രൂപക്കുള്ള (1,00,000-74,822) മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവു തുക 25,178 /-രൂപ തടസ്സം ചെയ്യുന്നു.

2.പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സ.ഉ (അ) 177/2006 ധന.തീയ്യതി 12.04.2006 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ടി ആർ 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റേയും വരവുചെലവു രേഖപ്പെടുത്തണം കൂടാതെ ത സ്വ.ഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവയും സൂക്ഷിക്കണം, എന്നാൽ ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പരിശോധനക്ക് ഹാജരാക്കിയെങ്കിലും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 3-5 കംപ്യൂട്ടർ വാങ്ങലുകൾ- പൊതുവായ വാങ്ങൽ സമീപനമില്ല.

2017-18 സാമ്പത്തിക വർഷം രണ്ട് പ്രൊജക്ടുകളിലായി താഴെ പറയും പ്രകാരം ഓഫീസ് ആവശ്യങ്ങൾക്കായി കംപ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

1. പ്രൊജക്ട് - 122/17-18 മൃഗാസ്പത്രിക്ക് കംപ്യൂട്ടർ വാങ്ങൽ. തനത് ഫണ്ട് 49550 (132/7-12-17) (കംപ്യൂട്ടർ 39700, പ്രിന്റർ 9850)

വെറ്റിനറി സർജന്റെ ക്വട്ടേഷൻ പ്രകാരം AALOK Information Technology and Systems എന്ന സ്ഥാപനം സപ്ലൈ ചെയ്തു.

2.പ്രൊജക്ട് 189/17-18 പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ .ലോകബാങ്ക് സഹായം 89650. ( 2 കംപ്യൂട്ടർ@ 38650, പ്രിന്റർ 12350)

ഓർക്കിഡ് സിസ്റ്റംസ് ചങ്ങരംകുളം എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന സെക്രട്ടറി വാങ്ങിയത്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ശുപാർശ ചെയ്യുന്ന വാങ്ങലുകൾ ഉൾപ്പെടുന്ന പ്രൊജക്ടുകൾ രൂപീകരിക്കുമ്പോളും അംഗീകാരം നൽകുമ്പോഴും ഏകീകൃത വാങ്ങൽ നടപടിക്രമങ്ങൾ രൂപീകരിക്കുന്നതിലും സമാനമായ വാങ്ങൽ പ്രൊജക്ടുകൾ ഒന്നായി നടപ്പിലാക്കുന്നതിലും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് വഴി വാങ്ങൽ നടപടികൾ ഏകീകരിക്കുന്നതിനും ന്യായമായ വിലയ്ക്ക് ലഭിക്കുന്നതിന് സഹായകമാവുകയും ചെയ്യും.ഭാവിയിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

## 3-6 പരിസ്ഥിതി പുനരുജ്ജീവന പ്രവത്തികൾ- ഔഷധത്തൈകൾ വെച്ച് പിടിപ്പിക്കൽ-പണം ചെലവഴിച്ചു, പ്രൊജക്ട് നടപ്പായില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ 153/18 പരിസ്ഥിതി പുനരുജ്ജീവന പ്രവത്തികൾ- ഔഷധത്തൈകൾ വെച്ച് പിടിപ്പിക്കൽ എന്ന പ്രൊജക്ടിൽ ഔഷധത്തൈകളുടെ വിലയായി തനതു ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അഗ്രോ സർവ്വീസ് സെന്റർ ചങ്ങരംകുളം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. `(ബിൽ 13/28-3-18 ,100000 രൂപ) 01.02.2018 ലെ കാഷ് ബിൽ പ്രകാരം 5 തരം ഔഷധത്തൈകളുടെ വിലയായി യൂണിറ്റിന് 100 രൂപ നിരക്കിൽ 1000 യൂണിറ്റിന് 1,00,000 രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതു വരെ ഔഷധത്തൈകൾ ലഭ്യമാവുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ യാതൊരു മോണിറ്ററിംഗും നടന്നതായി കാണുന്നില്ല. ഇക്കാര്യം വികസന കാര്യ സ്റ്റാൻറിംഗ് കമ്മറ്റി പരിഗണിക്കുകയോ പദ്ധതി അവലോകനം നടത്തുകയോ ചെയ്തതായും കാണുന്നില്ല. മഴക്കാലത്ത് വിതരണം നടത്തുന്നതിന് ലക്ഷ്യമാക്കിയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് ഓഡിറ്റ് സമാപനയോഗത്തിൽ അറിയിച്ചു. പ്രൊജക്ട് പ്രകാരമുള്ള പ്രവർത്തികൾ ചെയ്യുന്നതിനു മുമ്പേ പണം മുൻകൂറായി നൽകിയ നടപടി ക്രമത്തിലല്ല. മുടങ്ങിക്കിടക്കുന്ന പണം തിരികെ ലഭിക്കുന്നതിനോ പ്രൊജക്ട്

പൂർത്തീകരിക്കുന്നതിനോ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 അംഗീകൃത കോൾ കർഷക സംഘങ്ങൾക്ക് പെട്ടി,പറ അനുബന്ധ ഘടകങ്ങൾ നൽകൽ- നടപടികൾ പൂർത്തിയായില്ല.

നിർവ്വഹണം-കൃഷി ഓഫീസർ പ്രോജക്റ്റ് നം. -191/18

പെട്ടി,പറ ,അനുബന്ധ ഘടകങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് 17,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.(തനത് ഫണ്ട് 2,00,000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 15,00,000)

ട്രഷറി ചെക്ക് നമ്പർ 2672322/28-3-18 , 2,00,000 രൂപ

ട്രഷറി ചെക്ക് നമ്പർ 2672320/28-3-18 , 15,00,000 രൂപ

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും പമ്പ് സെറ്റുകൾ വാങ്ങിയതിന്റെ ഇൻവോയ്സുകൾ താഴെ പറയും പ്രകാരം ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്.ഇൻവോയ്സ് പ്രകാരമുള്ള തുകയിൽ 1700000/-രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

| ക്രമ. നമ്പർ | ഇൻവോയ്സ് നമ്പർ | വിവരണം | തുക | റിമാർക്സ് | സമിതിയുടെ പേര് |
|---|---|---|---|---|---|
| 1 | 150/17-18, 21-3-18 | 10 HP pumpset-Kirloskar monoblock | 130000 | 1 Nos | മണ്ണാർക്കടവ്-തൃക്കണ്ടാംപാടം നരണിപ്പുഴ |
| 2 | 142/17-18,21-3-18 | 50 HP pumpset-Kirloskar | 7,40,000 | „ | സംയുക്ത കോൾ കടവ് സംഘം-നന്നംമുക്ക് |
| 3 | 143/17-18, 21-3-18 | 10 HP pumpset-Kirloskar monoblock | 50000 | 1 Nos | ചിളാന്തൂർ കോൾപടവ് കമ്മറ്റി ചിളാന്തൂർ |
| 4 | 145/17-18, 21-3-18 | 10 HP pumpset-Kirloskar monoblock | 50000 | 1 Nos | മൂച്ചിക്കൽ കോൾകടവ് കമ്മറ്റി ചേലക്കടവ് |
| 5 | 144/17-18, 21-3-18 | 30 HP pumpset-Kirloskar with accessories | 252000 | 1 Nos | ഉളുൻ കോൾകടവ് കമ്മറ്റി നന്നംമുക്ക് |
| 6 | 146/17-18, 21-3-18 | 20 HPSq.cage Motor with accessories-Kirloskar | 158500 | 1 Nos | കടുക്കുഴികോൾകടവ് കമ്മറ്റി മൂക്കുതല |
| 7 | 147/17-18, 21-3-18 | Petty and para for 20HP Motor with accessories | 274000 | 1 Nos | കടുക്കുഴികോൾകടവ് കമ്മറ്റി മൂക്കുതല |
| 8 | 148/17-18, 21-3-18 | 10 HP pumpset-Kirloskar monoblock | 50,000 | 1 Nos | ആലപ്പുറം-പടിശ്ശേരി കോൾ കടവ് കമ്മിറ്റി, ആലാപ്പുറം |

| | | | | | |
|---|---|---|---|---|---|
| 9 | 149/17-18, 21-3-18 | 10 HP pumpset-Kirloskar monoblock | 50,000 | 1 Nos | കാണിയൂർ കോൾ കടവ് കമ്മിറ്റി, കാണിപ്പയൂർ |
| 10 | 151/17-18, 21-3-18 | 5 HP pumpset-Kirloskar monoblock | 30000 | 1 Nos | ചെറുനെല്ലി കോൾ കടവ് കമ്മിറ്റി, ചെറുനെല്ലി |
| | ആകെ | | 17,84,500 | | |

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 27-02-18 ലെ 1(9) നമ്പർ തീരുമാനപ്രകാരം 9 കോൾപടവുകളിലേക്ക് പെട്ടി പറ നൽകുന്നതിന് പുതുക്കിയ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥക്ക് നൽകിയതായി കാണുന്നു. പെട്ടി,പറ, അനുബന്ധ ഘടകങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് സമിതി റിപ്പോർട്ട്,നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല.കോൾപടവുകൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകളോ കോൾപടവുകളിലേക്ക് പെട്ടി പറ നൽകുന്നതിന് കരാറുടമ്പടിയിൽ ഏർപ്പെട്ടതിന്റെ വിവരമോ ലഭ്യമാക്കിയിട്ടില്ല.ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ സംബന്ധിച്ച് മിനുട്സ് പുസ്തകത്തിൽ പരാമർമില്ല. വാങ്ങൽ നടപടികൾ പൂർത്തിയായെന്നും സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമാപന യോഗത്തിൽ വിശദീകരിക്കപ്പെട്ടു.

മേൽ പ്രവൃത്തികൾ സ്ഥാപിച്ച് പ്രവർത്തനം തൃപ്തികരമായി നടക്കുന്നു എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - പദ്ധതി അപാകതകൾ

നിർവഹണം - അസി.സെക്രട്ടറി

പ്രൊജക്ട് - S003/18

ചെലവ് - 6,96,836 (Bill – 15/28.12.17 – 6,00,000, cheque-2032888/27.2.18 -96836)

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം Amster Business Corperation, Kondotty എന്ന സ്ഥാപനത്തിൽ നിന്നും 28 ലാപ്പ് ടോപ്പുകൾ വാങ്ങി പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1. സമർപ്പിച്ച ബില്ലിനോടൊപ്പം Specification രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടറിൽ പരാമർശിച്ച Specification പ്രകാരമുള്ള ലാപ്പ് ടോപ്പുകളാണ് ലഭ്യമായിട്ടുള്ളതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ പർച്ചേസിംഗ് കമ്മിറ്റി വാങ്ങൽ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും പർചേയ്സ് ചെയ്യുകയാണ് ചെയതത്.

2. ടെണ്ടർ ഫയലിനോടൊപ്പം Comparison Statement തയ്യാറാക്കിയിട്ടില്ല.

3. ടെണ്ടർ ഫോമിന്റെ വില 3360 (3x1120) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കി തനത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

4. കരാർ ചമച്ച സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് 17421 രൂപ വാങ്ങുന്നതിന് പകരം 15500 രൂപ വാങ്ങി. കുറവ് 1921 രൂപ.

5. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുക്കുകയും വിതരണം നടത്തുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. (ഫയൽ പ്രകാരം വിതരണം കാണിച്ചിട്ടുണ്ട്)

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് ബുക്ക് പ്രകാരം പർച്ചേസിംഗ് കമ്മിറ്റി ഓരോ പദ്ധതികളുടേയും പർച്ചേസിൻമേലും പ്രത്യേക തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രൊജക്ട് പ്രകാരമുള്ള ലാപ്പ് ടോപ്പുകൾ ലഭ്യമായിട്ടുള്ളത് ഡിസംബർ 2017 ലാണ്. 12.3.18 ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിലാണ് പർച്ചേസിംഗ് കമ്മിറ്റി ഓരോ നിർവഹണ ഉദ്യോഗസ്ഥരുടെയും വാങ്ങലുകൾ പരിശോധിക്കുകയും അംഗീകരിച്ച്

നൽകുകയും ചെയ്തിട്ടുള്ളത്. വാങ്ങലുകളുടെ ആസൂത്രണം, നിർവഹണം, നിരീക്ഷണം എന്നിവയുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയാണ് പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നത്. പ്രസ്തുത കമ്മിറ്റികൾ തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് 9/17.7.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-9 നാടൻ കലാ വാദ്യോപകർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ - പദ്ധതി അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രൊജക്ട് - S00176/18

ചെലവ് - 135,000

Cheque – 2672325/28.3.18

നാടൻ കലാ വാദ്യോപകർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം VECO, Trading, Thrissur എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന വാദ്യോപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ചെണ്ട – 10 എണ്ണം (12499x10 =124990)

പുള്ളുവൻകുടം - 2 എണ്ണം (10000x2 = 20000)

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 144990 രൂപയുടെ വാദ്യോപകരണങ്ങൾ വാങ്ങിയതിൽ 135000 രൂപ മാത്രമാണ് സ്ഥാപനത്തിന് നൽകിയതായി കാണുന്നത്. (ഫയലിനോടൊപ്പമുള്ള സ്ഥാപനത്തിന്റെ 28.3.18 ലെ രസീതി പ്രകാരം )ബാക്കി തുക സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല

2. 1,50,000 രൂപ അടങ്കലുള്ള പദ്ധതിയിൽ 10% ഗുണഭോക്തൃ വിഹിതം വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല.

4. 7450 രൂപയുടെ ഡെപ്പോസിറ്റുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രത്യേകം ഫയൽ ചെയ്യുന്നതിന് പകരം പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിരിക്കുന്നു

ഓഡിറ്റ് അന്വേഷണം 12/17.7.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകുന്നത് വരെ ചെലവ് തുക 135000 രൂപ തടസ്സം ചെയ്യുന്നു.

## 3-10 പട്ടികജാതി വിവാഹ ധനസഹായം - പദ്ധതി അപാകത

നിർവഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

പ്രൊജക്ട് - S0002/18

ചെലവ് - 5,00,000

Bill- 4/22.8.17

താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് വാങ്ങി വച്ചിട്ടില്ല.

1. ജിഷ.KK, കരുവാട്ട് , മൂക്കതല

2. അപർണ്ണ, പെരുമങ്ങാട്ട് ചേലക്കടവ്

3. വിജിത, എരിഞ്ഞിങ്ങാട്ട് പടി

ഓഡിറ്റ് അന്വേഷണം 10/17.7.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 8,00,000 രൂപ തടസ്സം ചെയ്യുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

SSAഇനത്തിൽ താഴെ പറയും പ്രകാരം 8,00,000 രൂപ ജില്ലാ പ്രൊജക്റ്റ് ഓഫീസർ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ചെലവിൻമേൽ നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | | |
|---|---|---|
| Proj – 97/18(SCP) | 3/23.3.18 | 3,00,000 |
| Proj – 98/18(Genera) | 5/23.3.18 | 5,00,000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 75000 രൂപ തടസ്സം ചെയ്യുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

IAY Share ഇനത്തിൽ താഴെ പറയും പ്രകാരം 75000 രൂപ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ചെലവിൻമേൽ നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | | |
|---|---|---|
| Proj – 166/18 | 2/1.8.17 | 61911 |
| | 832505/21.8.17 | 13089 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-13 പട്ടികജാതി വൃദ്ധർക്ക് കട്ടിൽ - പദ്ധതി അപാകതകൾ

നിർവഹണം - അസി.സെക്രട്ടറി

| പ്രൊജക്ട് | ചെലവ് | ബിൽ |
|---|---|---|
| SO08/18 | 5,70,000 | 16/30.12.17 – 197500<br>17/19.1.18 – 328070<br>23/8.3.18 – 44430 |
| S0197/18 | 264960 | 20/14.2.18 – 264960 |

പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം Leader wood industries,malappuram എന്ന സ്ഥാപനത്തിൽ നിന്നും 214 (145+69) കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1. ടെണ്ടർ ഫയലിനോടൊപ്പം Comparison Statement തയ്യാറാക്കിയിട്ടില്ല.

2. ടെണ്ടർ ഫോമിന്റെ വില 2240 (2x1120) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കി തനത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

3. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. (ഫയൽ പ്രകാരം വിതരണം കാണിച്ചിട്ടുണ്ട്)

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനട്സ് ബുക്ക് പ്രകാരം പർച്ചേസിംഗ് കമ്മിറ്റി ഓരോ പദ്ധതികളുടേയും പർച്ചേസിൻമേലും പ്രത്യേക തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 12.3.18 ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിലാണ് പർച്ചേസിംഗ് കമ്മിറ്റി ഓരോ നിർവഹണ ഉദ്യോഗസ്ഥരുടെയും വാങ്ങലുകൾ പരിശോധിക്കുകയും അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുള്ളത്. വാങ്ങലുകളുടെ ആസൂത്രണം, നിർവഹണം, നിരീക്ഷണം എന്നിവയുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയാണ് പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നത്. പ്രസ്തുത കമ്മിറ്റികൾ തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല എന്ന് കാണുന്നു.

ടെണ്ടർ ഫോമിന്റെ വില 2240 തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | നെല് കൃഷിക്ക് കൂലി ചെലവ് സബ്സിഡ് (പ്രൊജക്ട് നം 114/18) | 5,00,000 | 0 |
| | 3,50,270 | ശുചിത്വം മഹത്വം സുജ്ജീവിതം (പ്രൊജക്ട് നം 149/18) | 3,50,270 | 0 |
| | 80,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികള്ക്കുള്ള സ്കോളർഷിപ്പ് (പ്രൊജക്ട് നം 99/18) | 80,000 | 0 |
| | 1,20,000 | പാലിന് സബ്സിഡി (പ്രൊജക്ട് നം 161/18) | 1,20,000 | 0 |
| | 1,50,000 | പൈപ്പ് കമ്പോസ്റ്റ് (പ്രൊജക്ട് നം 139/18) | 1,50,000 | 0 |
| | 1,00,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രൊജക്ട് നം 3/18) | 96,847 | 3,153 |
| | 1,21,000 | എസ്.സി. വനിതകൾക്ക് സ്കൂട്ടർ (പ്രൊജക്ട് നം 193/18) | 1,19,380 | 1,620 |
| ജില്ലാ പഞ്ചായത്ത് | 1125000 | 114/18 നെല് കൃഷിക്ക് കൂലി ചെലവ് സബ്സിഡ് (പ്രൊജക്ട് നം 114/18) | 1125000 | 0 |

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ വിനിയോഗിക്കാനവശേഷിക്കുന്ന തുകകൾ വിനിയോഗിക്കേണ്ടതാണ്, അല്ലാത്തപക്ഷം തുക ബന്ധപ്പെട്ട സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കാഞ്ഞിയൂര് കടിവള്ള പദ്ധതി പുനരുദ്ധാരണം (എസ് ഒ 187/18) | TRF-1715125200 2200608652 | 2,52,000 | 0 | നിർവഹണം തുടങ്ങിയിട്ടില്ല | 2,52,000 |
| കേരള വാട്ടർ അതോറിറ്റി | രണ്ടാം വാർഡിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ് ലൈൻ നീട്ടൽ (എസ് ഒ 140/18) | TRF-1715125200 2200608650 | 1,00,000 | 0 | നിർവഹണം തുടങ്ങിയിട്ടില്ല | 1,00,000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ (എസ് ഒ 186/18) | TRF-17151252002 200628980 | 99,168 | 0 | നിർവഹണം തുടങ്ങിയിട്ടില്ല | 99,168 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 4644/-രൂപ ലഭിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2015-16 | 2.2 | 1,240 | മറിയം ജസീന | 117040100471-28.04.2017 |
| 2015-16 | 2.2 | 354 | വി.കെ.പ്രതീഷ് കുമാർ | 117040100472-28.04.2017 |
| 2015-16 | 2.3 | 300 | മാനേജർ, മാവേലി സ്റ്റോർ | 117040100612-09.05.2017 |
| 2015-16 | 2.2 | 2,500 | മാനേജർ, മാവേലി സ്റ്റോർ | 117040100613-09.05.2017 |
| 2014-15 | 2.1 | 250 | വിനീത, ക്ലർക്ക് | 1170401000007-01.04.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-മുതൽ 2001-02 വരെ സ്പെഷ്യൽ റിപ്പോർട്ട് | 2 | 2003-04 | 3.10.2.1 | ധനാപഹരണ നഷ്ടം: 36218.46 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽറിപ്പോർട്ട് | 12 | 2003-04 | 3.10.2.4 | ട്രാക്ടർ വാടക ഈടാക്കിയില്ല. നഷ്ടം-114240/- | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽറിപ്പോർട്ട് | 18 | 2003-04 | 3.10.2.5 | പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു. നഷ്ടം-151115 | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽറിപ്പോർട്ട് | 52 | 2003-04 | 3.10.2.3 | ദിനവേതനനിയമനം -ഉത്തരവ്പാലിച്ചില്ല. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽറിപ്പോർട്ട് | 69 | 2003-04 | 3.10.2.2 | മെതിയന്ത്രം വാങ്ങിയത് പാഴ് ചെലവ് - നഷ്ടം 101882 രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽറിപ്പോർട്ട് | -- | 2003-04 | 3.10.2.6 | ചെലവു രേഖകൾ ഇല്ല. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ് /സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1997-98 to 2001-02 | 47 | കെ.വി വിന്ധ്യൻ<br>സെക്രട്ടറി | LF6068/Spl cell/Sc5 /05/5.1.09 | 2400 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 2400 | തുടർ നടപടി വിവര ലഭ്യമല്ല |
| 97-98 to 2001-02 | “ | കെ.വി വിന്ധ്യൻ<br>സെക്രട്ടറി | LF 6068/ Spl.cell/ SC5/05 | 114240 | | | | | | 114240 | തുടർ നടപടി വിവര ലഭ്യമല്ല |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | 16.10.08/ 24.10.08 | | | | | | | | |
| 97-98 to 2001-02 | 70(2) 73(5) 73(7) 86(1) (2)100(1) 101(2), 103(3) 107(2) 108, 130 | കെ.വി വിദ്ധ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 67294 | | | | | | 67294 | തുടർ നടപടി വിവര ലഭ്യമല്ല- |
| 1997-98 to 2001-02 | 86(1), 100(1), 108 & 130 | കെ.വി വിദ്ധ്യൻ സെക്രട്ടറി | KSA 14518/ Sp. Cell/SC /D1/12 Dt. 31.03.15 | 25520 | 22520 (Rt 11604102510 /6.8.16) | | | | 22520 | 3000 | WP(C) 13888/09 10-12-15 നമ്പർ കേസിലെ വിധിപ്രകാരം സ്വീകരിച്ച സർചാർജ് നടപടിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയത് |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,38,92,896 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,28,38,484 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,49,606 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ഇല്ല | ഇല്ല | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 3-2(1) | 3,02,000 | ഡോ.സുരേഷ്.ഇ.ടി., മെഡിക്കൽ ഓഫീസർ -അലോപ്പതി |
| 3-3(1) | 12428 | ഡോ.ടി.ഹരി, മെഡിക്കൽ ഓഫീസർ -ആയൂർവേദം |
| 3-4(1) | 25178 | ഡോ.എൻ.ബി.പ്രസന്നകുമാരി, മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 3-9 | 1,35,000 | മുഹമ്മദ് ഇബ്രാഹിം, ഹെഡ്മാസ്റ്റർ |
| 3-11 | 8,00,000 | മുഹമ്മദ് ഇബ്രാഹിം, ഹെഡ്മാസ്റ്റർ |
| 3-12 | 75000 | ശരത് ബാബു,ആർ , വി.ഇ.ഒ |
| ആകെ | 13,49,606 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.14/890/01 തിയ്യതി: 06.07.2002 | 9 | |
| 1997-98 മുതൽ 2001-02 വരെ (സ്പെഷ്യൽ റിപ്പോർട്ട്) | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 | |
| 2002-03 | എൽ.എഫ്.എം.15/2299/08 തിയ്യതി: 29.5.2009 | 4 | |
| 2003-04 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 26 | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 21 | |
| 2005-06 | എൽ.എഫ്.എം.15/790/2010 തിയ്യതി: 10.07.2012 | 6 | |
| 2006-07 | എൽ.എഫ്.എം.15/791/10 തിയ്യതി: 20.06.2012 | 13 | |
| 2007-08 | എൽ.എഫ്.എം.18/669/2011 തിയ്യതി: 18.02.2012 | 18 | |
| 2008-09 | എൽ.എഫ്.എം.18/669/2011 തിയ്യതി: 25.12.2012 | 7 | |
| 2009-10<br>2010-11 | എൽ.എഫ്.എം.24/247/14 തിയ്യതി: 05.12.2014 | 10 | |
| 2011-12, 2012-13 | എൽ.എഫ്.എം.24/2163/14 തിയ്യതി: 23-09-2016 | 25 | |
| 2013-14,2014-15 | നം .കെ.എസ്.എ.എം.പി.എം.24/1924/2016 തീയ്യതി 05/08/2016 | 13 | |
| 2015-16 | കെ.എസ്.എ.എം.പി.എം.24/54/2017 തീയതി.07.02.2017 | 25 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.16/2219/2017<br>തീയതി.13.11.2017 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം -1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.16/1283/2018/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി:03-07-2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# AUDIT CERTIFICATE

No.KSA/MPM.16/1283/2018/2018

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:03-07-2018

Certified that I have audited the Annual Financial Statement of Nannammukk Grama panchayath in Malappuram District of the year ended on 31.3.2018 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Nannammukk Grama panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram